# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAPKD8/1137/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/09/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കെ.എസ്.എ.ഡി
2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
3) കാര്യാലയ പകർപ്പ്

നമ്പർ: KSAPKD8/1137/2023 തീയ്യതി: 14/09/2023

## പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 26-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി.അരവിന്ദാക്ഷൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 26-06-2023 | 05-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-06-2023 | 05-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുസ്മിത.കെ.വി - ഓഡിറ്റ് ഓഫീസർ (26.6.23 - 5.7.23 വരെ)
ശ്രീ.ഷറഫുദ്ദീൻ .എസ്.എച്ച് - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (26.6.23 - 1.7.23 വരെ)
ശ്രീമതി.സരിത.പി - (26.6.23 - 1.7.23 വരെ)
ശ്രീ.മുഹമ്മദ് ഹിഷാം - 1.7.23 - 5.7.23
ശ്രീമതി.ബേബി.കെ - (26.6.23 - 5.7.23 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ദേവദാസ്.ടി.കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ശശികുമാർ.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രദീപ് കുമാർ.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.സതീഷ് കുമാർ .എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗീത.കെ | സി.ഡി.പി.ഒ | 01-04-2022 | 06-07-2022 |
| ശ്രീമതി.ഗീത.പി.കെ | സി.ഡി.പി.ഒ | 07-07-2022 | 31-03-2023 |
| ശ്രീ.കെ.സുന്ദരൻ | എസ്.സി.ഡി.ഒ | 01-04-2022 | 31-03-2023 |
| കുമാരി അജ്ഞന എം | ക്ഷീരവികസന ഓഫീസർ | 01-04-2022 | 04-06-2022 |
| ശ്രീമതി..പ്രിയ.ബി | ക്ഷീരവികസന ഓഫീസർ | 05-06-2022 | 06-06-2022 |
| ശ്രീലത.എം.ജി | ക്ഷീരവികസന ഓഫീസർ | 07-06-2022 | 31-03-2023 |
| ഡോ.മൈനാവതി.കെ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി.ലാലിമ ജോർജ് | അസിസ്റ്റന്റ് ഡയറക്ടർ , കൃഷി | 01-04-2022 | 19-04-2022 |
| | | 04-08-2022 | 02-03-2023 |
| ശ്രീമതി.പ്രിയ വള്ളാട്ട് | അസിസ്റ്റന്റ് ഡയറക്ടർ , കൃഷി | 20-04-2022 | 14-06-2022 |
| | | 03-03-2023 | 31-03-2023 |
| ശ്രീ.ഉണ്ണിറാം.എ.എച്ച് | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 15-06-2022 | 03-08-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല | 1-1-1 |
| 3 | റീകൺസിലേഷൻ പത്രികയിൽ ഡയറക്ടലി ഡെബിറ്റഡ് ബാങ്ക് രേഖകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല. | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രികയിലെ പൊരുത്തക്കേടുകൾ | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 13 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല | 1-9 |
| 14 | ആലക്കൽ പറമ്പ് അങ്കണവാടി കെട്ടിടനിർമ്മാണം-ബ്ലോക്ക് വിഹിതം നൽകിയതിന്റെ വിനിയോഗവിവരം ലഭ്യമല്ല | 1-10 |
| 15 | പ്രാദേശികസാമ്പത്തിക വികസനപദ്ധതികൾ നടപ്പിലാക്കിയില്ല | 1-11 |
| 16 | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ യഥാസമയം ലഭ്യമാക്കിയില്ല | 1-12 |
| 17 | കെൽട്രോണിൽ നിന്നും കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-13 |
| 18 | കണ്ടം ചെയ്യുന്ന വാഹനങ്ങൾ വീൽസ് സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തിട്ടില്ല | 1-14 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി അപാകതകൾ | 1-15 |
| 20 | തൻ വർഷത്തിലെ ഗുണഭോക്താക്കൾ ആരും തന്നെ നാളിതുവരെയായിട്ടും പൂർത്തികരിച്ചിട്ടില്ല | 1-15-1 |
| 21 | പഠനമുറിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 1-15-2 |
| 22 | പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള വിസ്തീർണ്ണത്തിൽ കൂടുതൽ അളവ് രേഖപ്പെടുത്തിയ പ്ലാനിൽ നിർമ്മാണത്തിന് അനുമതി നൽകിയിരിക്കുന്നു | 1-15-3 |
| 23 | അപേക്ഷകളിൽ എഗ്രിമെന്റ് ലഭ്യമാക്കിയിട്ടില്ല | 1-15-4 |

| | | |
|---|---|---|
| 24 | മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-16 |
| 25 | കുടിവെള്ളപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല | 1-17 |
| 26 | മഴത്തുള്ളി - മഴവെള്ള സംഭരണം - മലിനജലസംസ്കരണ പദ്ധതി- പൂർത്തീകരിച്ചില്ല | 1-18 |
| 27 | നിഷ്ക്രിയആസ്തി | 1-19 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്- പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2(1)/22-5-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15-06-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി: - 14-09-2023

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല

2011 ലെ കേരള പഞ്ചായത്ത്രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

## 1-1-2 റീകൺസിലേഷൻ പത്രികയിൽ ഡയറക്ടലി ഡെബിറ്റഡ് ബാങ്ക് രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

റീകൺസിലേഷൻ പത്രികയിൽ ഡയറക്ടലി ഡെബിറ്റഡ് എന്ന വിഭാഗത്തിൽ ഉൾപ്പെട്ട ചെക്കുകൾ ബാങ്ക് രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

A) അക്കൌണ്ട് നം . LGTSB 874 (450250109)

| റീകൺസിലേഷനിൽ ഉൾപ്പെട്ട മാസം/ തീയതി | തുക |
|---|---|
| 31/8/2022 | 14580 |
| 15/9/22 | 1000 |
| 15/9/22 | 3170 |
| 15/9/22 | 11890 |
| 15/9/22 | 1240 |
| 15/9/22 | 700 |
| 15/9/22 | 1080 |
| 15/9/22 | 1475 |
| 31/10/2022 | 18614 |
| 30/11/2022 | 36178 |
| 30/11/2022 | 18614 |
| 31/12/2022 | 284381 |
| 28/2/2022 | 1692557 |

പ്രസ്തുത തുകകൾ എല്ലാം റീകൺസിലേഷൻ പത്രികയിൽ ഡയറക്റ്റിലി ഡെബിറ്റഡ് എന്ന വിഭാഗത്തിൽ ഉൾപ്പെട്ടതായി കാണുണ്ടെങ്കിലും ടി തുകകൾ ബാങ്കിന്റെ പാസ് ബുക്കിൽ കാണുന്നില്ല.

3 റീകൺസിലേഷൻ പത്രികയിൽ ഡയറക്ടലി ക്രെഡിറ്റഡ് എന്ന വിഭാഗത്തിൽ ഉൾപ്പെട്ട ചെക്കുകൾ ബാങ്ക് രേഖകളുമായി പൊരുത്തപ്പെടുന്നില്ല

A)ബാങ്കിന്റെ പേര് --UBI-MD

| റീകൺസിലേഷനിൽ ഉൾപ്പെട്ട മാസം/ തീയതി | തുക |
|---|---|
| 8/7/2022 | 12700 |
| 6/7/2022 | 3380 |

പ്രസ്തുത തുകകൾ എല്ലാം റീകൺസിലിയേഷൻ പത്രികയിൽ ഡയറക്റ്റിലി ക്രെഡിറ്റഡ് എന്ന വിഭാഗത്തിൽ ഉൾപ്പെട്ടതായി കാണുണ്ടെങ്കിലും ടി തുകകൾ ബാങ്കിന്റെ പാസ് ബുക്കിൽ കാണുന്നില്ല.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

1. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

### 1-1-4 വാർഷിക ധനകാര്യപത്രികയിലെ പൊരുത്തക്കേടുകൾ

1.'Hire Charges Of Ambulance ' എന്ന വരവ് ഇനത്തിൽ വാർഷിക ധനകാര്യപത്രികയും രജിസ്റ്ററിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| വാർഷിക ധനകാര്യപത്രിക | രജിസ്റ്റർ | വ്യത്യാസം |
|---|---|---|
| 235500 | 237685 | 2185 |

### 1-2 ബജറ്റ്

പഞ്ചായത്ത് ഭരണ സമിതിയുടെ 16.3.2022 തീയതിയിലെ യോഗ തീരുമാനം നം.2(1) പ്രകാരം 2022-2023 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 7-03-23 തീയതിയിലെ യോഗ തീരുമാനം നം.2(1) പ്രകാരം 2022-2023 വർഷത്തെ ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 0 |
| തൻവർഷം വരവ് | 260535782 |
| ചെലവ് | 251696508 |
| നീക്കിയിരിപ്പ് | 8839274 |

ബജറ്റിൽ മുന്നിരിപ്പ് പ്രത്യേകം കാണിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് (₹) | 9230920 |
| വരവ് (₹) | 111772729 |
| ആകെ (₹) | 121003649 |
| ചെലവ് (₹) | 111521198 |
| നീക്കിയിരിപ്പ് (₹) | 9482451 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 25791000 | 25791000 | 22812406 | 2978594 |
| വികസനഫണ്ട് - എസ്.സി.പി | 0 | 36747000 | 36747000 | 31248435 | 5498565 |
| മെയ്ന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 7549000 | 7549000 | 6073714 | 1475286 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied (Treasury) | 0 | 956094 | 956094 | 617339 | 338755 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied (Treasury) | 0 | 3231835 | 3231835 | 317589 | 2914246 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied (Bank) | 292971 | 4491559 | 4784530 | 4141006 | 643524 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied (Bank) | 3366215 | 6237000 | 9603215 | 6844966 | 2758249 |
| TSC | 1409958 | 41412 | 1451370 | 0 | 1451370 |
| PMAY | 3039778 | 154348 | 3194126 | 2138313 | 1055813 |
| Palliative Care | 121998 | 342819 | 464817 | 372006 | 92811 |
| CFC Health Grant | 0 | 2619268 | 2619268 | 325686 | 2293582 |
| MP LAD+KILA | 0 | 6479032 | 6479032 | 6456505 | 22527 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 137991353 | 126 | 79163544 | 0 | 25 | 83.44 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 6 | 6 | 3840802 | 3830864 | 99.74 |
| സെക്രട്ടറി | 38 | 35 | 51848748 | 21332061 | 41.14 |
| പട്ടികജാതി വികസന ഓഫീസർ | 6 | 6 | 10175000 | 10100000 | 99.26 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 10110000 | 10083288 | 99.74 |
| ക്ഷീര വികസന | 4 | 4 | 3143240 | 2410849 | 76.70 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 49 | 38 | 31523887 | 14320174 | 45.43 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 38 | 27 | 20875288 | 11098690 | 53.17 |
| മെഡിക്കൽ ഓഫീസർ- സി എച്ച് സി | 8 | 8 | 6474388 | 5987618 | 92.48 |
| ആകെ | 151 | 126 | 137991353 | 79163544 | 57.37 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 ക്യാഷ് ബാലൻസ് പരിശോധന

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.06.2023 തിയ്യതിയിൽ ഉച്ചയ്ക്ക് ശേഷം 3.30 P.m ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. സ്ഥാപനത്തിൽ ക്യാഷ് ചെസ്റ്റ്, ക്യാഷ് ഇൻ ഹാൻഡ് എന്നീ ഇനത്തിൽ നിലവിൽ തുകകൾ സൂക്ഷിക്കുന്നില്ല.

1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2014-15 മുതൽ 2018-19 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. 26-9-22 മുതൽ 10.10.22 വരെ തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ 2021 - 22 സാമ്പത്തിക വർഷത്തെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ റീകൺസീലിയേഷൻ നടത്തുന്നതിൽ കൃത്യത ഇല്ല. ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല.

ജല അതോറിറ്റി, വൈദ്യുതി ബോർഡ് എന്നീ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്. പ്രോജക്ടുകളുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗം ഉറപ്പാക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. PMAY പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിക്കുവാനുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-9 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ നമ്പർ/ ചെക്ക് നം. തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുത്തനൂർ | പ്രൊജക്ട് നം -201/23<br>കുത്തനൂർ ഗ്രാമപഞ്ചായത്തിലെ വിവിധ എസ്. സി കോളനികളിൽ ലൈൻ എക്സ്റ്റൻഷൻ<br>അടങ്കൽ- 500000<br>(വികസന ഫണ്ട്- എസ്. സി. പി ) | 1.) 353220 (വികസ നഫണ്ട്- എസ്. സി. പി ) | 1.) 353220 -75/ 17.03.23- | വിനിയോഗ വിവരം ലഭ്യമല്ല | |
| 2 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുഴൽമന്ദം | പ്രൊജക്ട് നം -200/23<br>മാത്തൂർ ഗ്രാമപഞ്ചായത്തിലെ വിവിധ കോളനി കളിൽ ലൈൻ എക്സ്റ്റൻഷൻ<br>അടങ്കൽ – 350000<br>(300000- സി.എഫ്.സി ഗ്രാന്റ്, 50000-തനത് ഫണ്ട്) | 1).23305 (തനത് ഫണ്ട്) | 23305 ചെക്ക് നം – 5359612/ 14.03.23 | വിനിയോഗ വിവരം ലഭ്യമല്ല | |
| | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കോട്ടായി | | 2). 300000 (സി. എഫ്. സി ഫണ്ട്)<br>3). 2083 (തനത് ഫണ്ട്)<br>4). 8634 (തനത് ഫണ്ട്) | 2). 300000- XVFC/ 22-23/P/79- 14.03.2023<br>3). 2083- ചെക്ക് നം - 5359612/ 14.03.23<br>4). 8634- ചെക്ക് നം – 5359616/ 24.03.23 | വിനിയോഗ വിവരം ലഭ്യമല്ല | |
| 3. | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുഴൽമന്ദം | പ്രൊജക്ട് നം -199/23<br>മാത്തൂർ ഗ്രാമ പഞ്ചായത്ത് -മൂലോട് റോഡ് ലൈൻ എക്സ്റ്റൻഷൻ (ജനറൽ) | 1).300000 (സി. എഫ്. സി ഫണ്ട്)<br>2).46030 (തനത് ഫണ്ട്) | 1.300000- XVFC/ 22-23/P /80-14.03.2023<br>2.46030- 5359611/ 14.03.23 | വിനിയോഗ വിവരം ലഭ്യമല്ല | |

| | | | | | |
|---|---|---|---|---|---|
| | | അടങ്കൽ- 300000 (സി. എഫ്. സി ഫണ്ട്) 46030 (തനത് ഫണ്ട്) | | | |
| 4. | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, പെരിങ്ങോട്ടുകുറിശ്ശി | പ്രൊജക്ട് നം -202/23 പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത് - വിവിധ എസ്. സി. കോളനികളിൽ ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ അടങ്കൽ- 450000 (വികസന ഫണ്ട്- എസ്. സി. പി ) | 403394 (വികസനഫണ്ട്- എസ്. സി. പി ) | 1.257629- 63/21.02.23 2.145765- 79/25.03.23 | വിനിയോഗ വിവരം ലഭ്യമല്ല |
| 5 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുഴൽമന്ദം | പ്രൊജക്ട് നം -203/23 മാത്തൂർ ഗ്രാമപഞ്ചായത്തിലെ വിവിധ എസ്. സി. പ്രദേശങ്ങളിൽ കെ.എസ് ഇ ബി ലൈൻ എക്സ്റ്റൻഷൻ അടങ്കൽ- 450000 (വികസന ഫണ്ട്- എസ്. സി. പി ) | 223776 (വികസന ഫണ്ട്- എസ്. സി. പി) | 1.108407 (65/25.02.23) | വിനിയോഗ വിവരം ലഭ്യമല്ല |
| | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ, ആലത്തൂർ | | | 2.115369 (65/25.02.23) | വിനിയോഗ വിവരം ലഭ്യമല്ല |
| 6 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ, ആലത്തൂർ | പ്രൊജക്ട് നം 213/23 കോട്ടായി ഗ്രാമപഞ്ചായത്തിലെ വിവിധ എസ്.സി പ്രദേശങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ അടങ്കൽ- 327000 (വികസനഫണ്ട്- എസ്. സി. പി ) | 326429 ( വികസന ഫണ്ട്- എസ്. സി. പി) | 1. 326429 (69/07.03.23) | വിനിയോഗ വിവരം ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 7 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുഴൽമന്ദം | പ്രൊജക്ട് നം -218/23 കുഴൽമന്ദം ഗ്രാമപഞ്ചായത്തിന്റെ എസ്.സി പ്രദേശങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ അടങ്കൽ- 450000 (വികസന ഫണ്ട്- എസ്. സി. പി ) | 161660 ( വികസ നഫണ്ട്- എസ്. സി. പി) | 1. 161660 (76/ 17.03.23) | വിനിയോഗ വിവരം ലഭ്യമല്ല |
| 8 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, ആലത്തൂർ | പ്രൊജക്ട് നം -172/23 തേങ്കുറിശ്ശി ഡിവിഷൻ പരിധിയിൽ 11,12,13,14 വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ അടങ്കൽ- 858000 (വികസനഫണ്ട്- എസ്. സി. പി ) | 693214 (61/ 21.02.23) | 1). 104241 | വിനിയോഗ വിവരം ലഭ്യമല്ല |
| | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുനിശ്ശേരി | | | 2) 588973 | കെ.എസ്. ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുനിശ്ശേരി ക്ക് നൽകിയ 735411 രൂപ യ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. |
| | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുനിശ്ശേരി | | 146438- 82/31.03.23 | 3) 146438 | |
| 9. | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കോട്ടായി | പ്രൊജക്ട് നം 169/23, മാത്തൂർ വാര്യത്ത് കുളം കെ.എസ്. ഇ.ബി ലൈൻ എക്സ്റ്റൻഷൻ | | 78717 (49/05.01.23) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. |

ഓഡിറ്റ് എൻക്വയറി -2/27.6.23 ന് മറുപടി ലഭിച്ചില്ല. പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂറായി നൽകിയ തുക ക്രമീകരിക്കേണ്ടതാണ്.

1-10 ആലക്കൽ പറമ്പ് അങ്കണവാടി കെട്ടിടനിർമ്മാണം-ബ്ലോക്ക് വിഹിതം നൽകിയതിന്റെ വിനിയോഗവിവരം ലഭ്യമല്ല

പ്രോജക്ട് നം -204/23

ആലക്കൽ പറമ്പ് അങ്കണവാടി കെട്ടിടനിർമ്മാണം -കണ്ണാടി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ

അടങ്കൽ-300000 (വികസനഫണ്ട് – പൊതു വിഭാഗം )

ചെലവ് -300000 (52/10.01.2023)

മേൽ പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി വകയിരുത്തിയ 300000 രൂപ തിരുവനന്തപുരം എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 28.12.2022 തീയതിയിലെ 7(2) തീരുമാനം പ്രകാരം ഈ ബ്ലോക്ക് വിഹിതം 3 ലക്ഷവും ജില്ലാ പഞ്ചായത്ത് വിഹിതം 5 ലക്ഷവും വിനിയോഗിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടിട്ടുണ്ട്. അങ്കണവാടി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതിന്റെയും നൽകിയ തുക വിനിയോഗിച്ചതിന്റെയും വിവരങ്ങൾ നൽകേണ്ടതാണ്. (എൻക്വയറി നം -3/27.6.23 ന് മറുപടി ലഭിച്ചില്ല)

1-11 പ്രാദേശികസാമ്പത്തിക വികസനപദ്ധതികൾ നടപ്പിലാക്കിയില്ല

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ) 84/2022/തസ്വഭവ തിയതി.19/04/2022) പ്രകാരം പ്രാദേശികസാമ്പത്തിക വികസനവും തൊഴിൽ അവസരങ്ങളുടെ സൃഷ്ടിയുമാണ് പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിനായി സൂക്ഷ്മ , ചെറുകിട, ഇടത്തരം സംരംഭങ്ങളെ വൻതോതിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശസ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും 2022-23 മുതൽ പ്രത്യേകമായ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (LED PLAN) ഉണ്ടായിരിക്കണമെന്നും ഇതുവഴി സംരംഭകത്വം, നൈപുണ്യവികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശമുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ) 115/2022 /തസ്വഭവ തിയതി.28/05/2022) പ്രകാരം പ്രാദേശിക സാമ്പത്തിക വികസന (ഖണ്ഡിക 6.5) മേഖലയിൽ 22 സംരംഭക ഇനങ്ങളിലായി 50% മുതൽ 75% വരെ സബ്സിഡി നൽകാവുന്നത്. ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രാദേശിക സാമ്പത്തിക വികസന പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യവസായ വികസന ഓഫീസറാണ്. ബ്ലോക്ക് പഞ്ചായത്തിൽ വ്യവസായ വികസന ഓഫീസർ ഉണ്ടെങ്കിലും ഈ മേഖലയിൽ ഒരു പദ്ധതി പോലും തൻവർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. കൂടാതെ മുൻവർഷങ്ങളിലും പദ്ധതി ചെലവ് രേഖകൾ പരിശോധിച്ചതിൽ വ്യവസായമേഖലയിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും 2022-23 മുതൽ പ്രത്യേകമായ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (LED PLAN) ഉണ്ടായിരിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം നടപ്പാക്കിയിട്ടില്ല. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലും നൈപുണ്യ വികസനവും ഉറപ്പാക്കുന്നതിനും പ്രത്യേക പരിഗണന നൽകി പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-12 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ യഥാസമയം ലഭ്യമാക്കിയില്ല

1.പ്രോജക്റ്റ് നം.-87 ക്യാൻസർ, വൃക്ക രോഗികൾ, അവയവം മാറ്റിവച്ചവർ എന്നിവർക്ക് ജിവൻ രക്ഷാമരുന്നും ഉപകരണങ്ങളും

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി.എച്ച്.സി

അടങ്കൽ,ചെലവ്-9,45,566 രൂപ

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ട്രഷറി ബിൽ നം.22/26.6.2022 -800000

51/25.3.2023 -145566

പ്രോജക്റ്റിന്റെ ഭാഗമായി ക്യാൻസർ, വൃക്ക രോഗികൾ, അവയവം മാറ്റിവച്ചവർ എന്നവർക്ക് ജീവൻ രക്ഷാമരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തിരുവനന്തപുരം-ത്തിന് 8 ലക്ഷം രൂപ ട്രഷറി ബിൽ നം.22/26.6.2022 പ്രകാരം പിൻവലിച്ച് മുൻകൂറായി നൽകിയിട്ടുണ്ട്(പ്രൊഫോർമ ഇൻവോയിസ് നം. PRF1312 തി.14.9.2022). എന്നാൽ ജീവൻരക്ഷാ മരുന്നുകളും ഉപകരണങ്ങളും സ്ഥാപനത്തിൽ നിന്നും ലഭ്യമായതിന്റെ രേഖകൾ-( ഇൻവോയ്സ്, ബിൽ തുടങ്ങിയവ ) ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.പ്രോജക്റ്റ് നം.-25 സ്നേഹസ്പർശം പാലിയേറ്റീവ് കെയർ

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി.എച്ച്.സി

അടങ്കൽ,ചെലവ്-10,00,000 രൂപ

ഫണ്ട്-വികസനഫണ്ട് ജനറൽ

ട്രഷറി ബിൽ നം.04/25.7.2022 -202716 രൂപ

പ്രോജക്റ്റിന്റെ ഭാഗമായി പാലിയേറ്റീവ് കെയർ രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തിരുവനന്തപുരം-ത്തിന് 202716 രൂപ ട്രഷറി ബിൽ നം. 04/25.7.2022 പ്രകാരം പിൻവലിച്ച് മുൻകൂറായി നൽകിയിട്ടുണ്ട്(പ്രൊഫോർമ ഇൻവോയിസ് നം. PRF 324 തി.10.6.2022). എന്നാൽ പാലിയേറ്റീവ് കെയർ രോഗികൾക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ-( ഇൻവോയ്സ്, ബിൽ തുടങ്ങിയവ ) ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/5.7.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാനും ആയവ സ്റ്റോക്കിലെടുത്ത് ഇൻവോയ്സ്, ബിൽ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കെൽട്രോണിൽ നിന്നും കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം.-86 സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ദൈനംദിന ചെലവുകൾ

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി.എച്ച്.സി

അടങ്കൽ,ചെലവ്-10,00,000 രൂപ

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി സാമൂഹ്യ ആരോഗ്യ കേന്ദ്രം കുഴൽമന്ദത്തിലെ ഉപയോഗത്തിനായി ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ , ലാപ്ടോപ്പ്, ഫോട്ടോകോപ്പിയർ, ലേസർപ്രിന്റർ എന്നിവ വാങ്ങുന്നതിനായി കെൽട്രോണിൽ നിന്നും ചുവടെ ചേർക്കുന്ന പ്രകാരമുള്ള പ്രൊഫോമ ഇൻവോയ്സുകൾ ലഭ്യമാക്കി.

| ഇൻവോയിസ് നം. | തുക | ഉപകരണം |
|---|---|---|
| TVM/ITBG/P1/RC /45894/22-23 | 73569 | ലാപ്പ്ടോപ്പ് |
| TVM/ITBG/P1/RC /45892/22-23 | 70932 | ഫോട്ടോ കോപ്പിയർ |
| TVM/ITBG/P1/RC /45896/22-23 | 18347 | പ്രിന്റർ |
| TVM/ITBG/P1/RC /45893/22-23 | 69595 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ |
| ആകെ | 2,32,443 | |

ആയത് പ്രകാരം 2,32,443 രൂപ ട്രഷറി ബിൽ 44/27.2.2023 പ്രകാരം പിൻവലിച്ച കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും നാളിതുവരെയും ലഭ്യമായിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/5.7.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭ്യമാക്കാനും ആയവ സ്റ്റോക്കിലെടുത്ത് ഇൻവോയ്സ്, ബിൽ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 കണ്ടം ചെയ്യുന്ന വാഹനങ്ങൾ വീൽസ് സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തിട്ടില്ല

ഉപയോഗശൂന്യമായ വാഹനങ്ങൾ അല്ലെങ്കിൽ കണ്ടം ചെയ്യുന്നതിനായി തീരുമാനിച്ച വാഹനങ്ങൾ ധനകാര്യ വ്യയം-ബി വകുപ്പിന്റെ 12.1.2023 തീയതിയിലെ 6/2023 /ധന ഉത്തരവ് പ്രകാരം വീൽസ്

സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. കൂടാതെ പഴയ വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണിക്കുമ്പോൾ ' വീൽസ് "സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ വാഹനങ്ങൾ മാത്രമേ പഴയ വാഹനം എന്ന രീതിയിൽ പരിഗണിക്കുകയുള്ളൂ എന്നും നിഷ്കർഷിക്കുന്നു.

എന്നാൽ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ KL 9M 7175 മഹീന്ദ്ര ജീപ്പ് ഉപയോഗശൂന്യമാണെന്നും, 83000രൂപയ്ക്ക് ടി വാഹനം കണ്ടം ചെയ്യമെന്നും പി.ഡബ്ളിയു.ഡി മെക്കാനിക്കൽ ഡിവിഷൻ(കോഴിക്കാട്)അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 31.8.2022 തീയതിയിൽ കെ.എഫ്.സി ഫോം 21ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടിയായി കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 13.10.2022 ലെ 5(1) -ാം തീരുമാന പ്രകാരം ടി വാഹനം ലേലം ചെയ്യുന്നതിനായി തീരുമാനം എടുത്തിരുന്നു. ഇതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 1/4/2023ലെ LSGD/PD/21752/2023-GE B2 നടപടിക്രമ പ്രകാരം ലേലം നടത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.ജിഎസ്.ടി ഒഴികെ 85000 രൂപ ടി ഇനത്തിൽ വരവായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും ടി വാഹനം വീൽസ് സ്സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (നം. 6/5.7.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ വാഹനങ്ങൾ വീൽസ് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്നതിന് ധനകാര്യ എഫ്.ടി.സി വകുപ്പിന്റെ 7.01.2020 തീയതിയിലെ 3/2020/ധന നമ്പർ സർക്കുലർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കുടാതെ ഉപയോഗ ശൂന്യമായ വാഹനങ്ങളുടെ വിവരങ്ങൾ ധനകാര്യ വ്യയം-ബി വകുപ്പിന്റെ 12.1.2023 തീയതിയിലെ 6/2023 /ധന ഉത്തരവു പ്രകാരവും നൽകിയിട്ടുണ്ട്. ആയതിനാൽ സർക്കാർ നിർദ്ദേശം പാലിക്കാതെ വാഹനത്തിന്റെ വിവരങ്ങൾ വീൽസ് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്റ്റ് നമ്പർ/ പേര് | 1. 58/22-എസ് .സി വിദ്യാർത്ഥികൾക്ക്പഠനമുറി ഒരുക്കൽ<br>2.57/22-വിപുലം -പട്ടികജാതി വിദ്യാർത്ഥികൾക്ക്പഠനമുറി നിർമ്മാണം<br>3.214/22--എട്ടാംക്ലാസ് മുതൽ പന്ത്രാണ്ടം ക്ലാസ് വരെ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി<br>4.130/22--18വയസ്സ് പൂർത്തിയായ ഡിഗ്രി പി.ജി വിദ്യാർത്ഥികൾക്ക് പഠനമുറി<br>5.215/22-പഠനമുറി പൂർത്തികരണം |

| | |
|---|---|
| അടങ്കൽ | 1.1075000വികസനഫണ്ട് -എസ്. സി.പി<br>2.275000വികസനഫണ്ട് -എസ്. സി.പി<br>3.1625000 വികസനഫണ്ട് -എസ്. സി.പി<br>4.700000 വികസനഫണ്ട് -എസ്.സി.പി<br>5.100000 വികസനഫണ്ട് -എസ്. സി.പി |
| ചെലവ് | 1.1000000 (വികസനഫണ്ട് -എസ്. സി.പി)<br>2.275000(വികസനഫണ്ട് -എസ്.സി.പി)<br>3.1625000 (വികസനഫണ്ട് -എസ്. സി.പി)<br>4.700000 വികസനഫണ്ട് -എസ്. സി.പി<br>5.100000 വികസനഫണ്ട് -എസ്. സി.പി |

പഠനമുറികൾക്കായി 5പ്രോജക്റ്റുകൾ നടപ്പിലാക്കിയതിൽ 58/22-23, 57/22 -23എന്നിവ സ്പിൽ ഓവറായ പദ്ധതികളാണ്. പഠനമുറി നിർമ്മാണത്തിനായി 200000 രൂപ വീതം ധനസഹായം നൽകുന്നതിനാണ് പദ്ധതികൾ ലക്ഷ്യമിടുന്നത്. നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികളായി ചുവടെ ചേർക്കുന്നു.

1-15-1 തൻ വർഷത്തിലെ ഗുണഭോക്തക്കൾ ആരും തന്നെ നാളിതുവരെയായിട്ടും പൂർത്തികരിച്ചിട്ടില്ല

2022-2023ൽ സ്വീകരിച്ച അപേക്ഷകളിലെ ഗുണഭോക്താക്കൾ ആരും തന്നെ നാളിതുവരെയായിട്ടും പഠനമുറിയുടെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | കുട്ടികളുടെ എണ്ണം | |
|---|---|---|---|
| | | പ്രോജക്റ്റ് നം. 130/22,215/22 | പ്രോജക്റ്റ്നം. 214/22 |
| 1 | കുഴൽമന്ദം | 7 | 3 |
| 2 | മാത്തൂർ | 11 | 2 |
| 3 | കുത്തനൂർ | 9 | 3 |
| 4 | കോട്ടായി | 8 | -- |
| 5 | തേങ്കുറിശ്ശി | 8 | 2 |

| | | | |
|---|---|---|---|
| 6 | പെരിങ്ങോട്ടുകുറിശ്ശി | 6 | 3 |
| 7 | കണ്ണാടി | 6 | 2 |

പഠനമുറിയുടെ നിർമ്മാണം പൂർത്തികരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15-2 പഠനമുറിയുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവൽസരപദ്ധതി--14.02.2018 തീയതിയിലെ സ.ഉ(കൈ) നം.22/2018 നമ്പർ തദ്ദേശ സ്വയം ഭരണ വകുപ്പിന്റ സബ്സിഡി മാർഗ്ഗരേഖപ്രകാരം വീടിനോട് ചേർന്ന് നിർമ്മിക്കുന്ന പഠനമുറി 100 ചതുരശ്ര അടിയിൽ കുറയാത്ത നിർമ്മാണത്തിന് 200000 ലക്ഷം രൂപ ആകെ നൽകാവുന്നതാണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ ഈ വർഷത്തിൽ പദ്ധതി പൂർത്തികരിച്ച സ്പിൽ ഓവർ പ്രോജക്ടുകളിൽ പഠനമുറികളുടെ എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ (വാല്യൂതെളിയിക്കുന്ന)സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പഞ്ചായത്ത് | ഗഡുക്കളുടെ എണ്ണം | തുക | ബിൽ നം. |
|---|---|---|---|---|---|
| 1 | അശ്വതി.കെ | കുത്തനൂർ | 4 -ാം ഗഡു | 25000 | 1/22-23 30.6.2022 |
| 2 | ഗോപിക .ജി | മാത്തൂർ | 4 -ാം ഗഡു | 25000 | 6/22-23 Dt.6.9.22 |
| 3 | നിത്യ.എൻ | മാത്തൂർ | 4 -ാം ഗഡു | 25000 | |
| 4 | ജെൻസി.ആർ | കുത്തനൂർ | 4 -ാം ഗഡു | 25000 | |
| 5 | ആര്യനന്ദ | കുത്തനൂർ | 4 -ാം ഗഡു | 25000 | |
| 6 | അജിത.എസ് | പെരിങ്ങോട്ടുകുറിശ്ശി | 4 -ാം ഗഡു | 25000 | 7/22-23 Dt.7.10.22 |
| 7 | നന്ദന .എം. മോഹൻ | കോട്ടായി | 4 -ാം ഗഡു | 25000 | 5/22-23 Dt6.9.22 |
| 8 | അനഘ | കണ്ണാടി | 4 -ാം ഗഡു | 25000 | 4/22-23 Dt.6.9.22 |
| 9 | മഞ്ജിമ | കുത്തനൂർ | 4 -ാം ഗഡു | 25000 | |
| 10 | നിത്യ കൃഷ്ണൻ | കുത്തനൂർ | 4 -ാം ഗഡു | 25000 | |
| 11 | ഷിജിത.എം | തേങ്കുറിശ്ശി | 4 -ാം ഗഡു | 25000 | |
| 12 | അഞ്ജലി കൃഷ്ണൻ | തേങ്കുറിശ്ശി | 4 -ാം ഗഡു | 25000 | |
| 13 | അമൃത വി | തേങ്കുറിശ്ശി | 4 -ാം ഗഡു | 25000 | |
| 14 | പ്രവിത .കെ | കുഴൽമന്ദം | 4 -ാം ഗഡു | 25000 | 3/22 Dt.20.8.2022 |
| 15 | മന്യ. എം | കോട്ടായി | 4 -ാം ഗഡു | 25000 | 20/2d.t24.2.202 |

പഠനമുറിയുടെ നിർമ്മാണം പൂർത്തികരിച്ച ഒരു ഗുണഭോക്താവ് പോലും മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ മൂല്യവും തുകയും തമ്മിൽ പൊരുത്തപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (നം.11/5.7.23) മറുപടിലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാല്യൂവേഷൻ

സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതു വരെ ഈ ഇനത്തിൽ ചെലവായ 1275000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15-3 പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള വിസ്തീർണ്ണത്തിൽ കൂടുതൽ അളവ് രേഖപ്പെടുത്തിയ പ്ലാനിൽ നിർമ്മാണത്തിന് അനുമതി നൽകിയിരിക്കുന്നു

